## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4556** **19-07-2022 - ൽ മറുപടിയ്ക്ക്**

## തോടുകൾ, കുളങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നദികളുമായി ബന്ധപ്പെട്ട തോടുകൾ, കുളങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി കഴിഞ്ഞ സർക്കാരും തുടർ സർക്കാരും സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ 44 നദീതടങ്ങളിലായി വ്യാപിച്ചുകിടക്കുന്നവയാണ് കുളങ്ങളും, കായലുകളുമടങ്ങുന്ന ജലസമ്പത്ത്. മഴയിൽ നിന്ന് ലഭ്യമാകുന്ന ജലമാണ് ഇവയിലെ ജലലഭ്യത നിയന്ത്രിക്കുന്നത്. ഭൂവിനിയോഗത്തിൽ വന്നിട്ടുള്ള മാറ്റവും, തണ്ണീർത്തട വിസ്തൃതിയിൽ വന്നിട്ടുള്ള കുറവും ഉൾപ്പെടെയുള്ളവ കണക്കിലെടുത്ത് തണ്ണീർത്തട ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിന് മുഖ്യപരിഗണന കഴിഞ്ഞ സർക്കാരും നിലവിലുള്ള സർക്കാരും നൽകിയിട്ടുണ്ട്. ജലവിഭവ സംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ "നീർത്തടങ്ങളെ" ആധാരമാക്കി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലും വിവിധവകുപ്പുകളുടെ ഏകോപനത്തോടെ, “സംയോജിത നീർത്തട പ്ലാനുകൾ” തയ്യാറാക്കി, റിഡ്ജ്-ടു-വാലി സമീപന ത്തോടുകൂടി തോടുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും ഇവയുടെ സംഭരണശേഷി വീണ്ടെടുക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്. സംസ്ഥാന ബജറ്റിൽ ഹരിതകേരളം ശീർഷകത്തിൽ ഇതിനായി പ്രത്യേക തുകയും നീക്കിവച്ചിട്ടുണ്ട്. ഇതിനുപുറമേ, തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായും തോടുകൾ, കുളങ്ങൾ തുടങ്ങിയവ ശുചീകരിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന പ്രവൃത്തികളും നിർവ്വഹിക്കുന്നുണ്ട്. ജനപങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണവും ഉറപ്പാക്കിയാണ് ഈ പ്രവർത്തനങ്ങൾ നിർവ്വഹിക്കാറുള്ളത്. |
| (ബി) | തോടുകൾ, കുളങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവ പ്ലാസ്റ്റിക്ക് മുക്തമാക്കുന്നതിനും ഇവയുടെ കയ്യേറ്റം തടയുന്നതിനും കൈയ്യേറിയവ തിരിച്ചുപിടിക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തി നിയമ നടപടികൾക്ക് വിധേയമാക്കുന്നതിനും | (ബി) | കേരളത്തിലെ ജലസ്രോതസ്സുകളോടു ചേർന്നു വരുന്ന ഭാഗങ്ങൾ പലവിധത്തിലുള്ള കൈയ്യേറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഇതിനു പുറമേയാണ് ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നതുകൊണ്ടുള്ള പ്രശ്നങ്ങൾ. തോടുകൾ, |

| | | | |
|---|---|---|---|
| | സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | | കുളങ്ങൾ എന്നിവയുടെ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ് എന്നതിനാൽ കൈയ്യേറ്റം സംബന്ധിച്ച നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ഇതോടൊപ്പം, മലിനീകരണ നിയന്ത്രണ നടപടികൾക്കും, കുറ്റക്കാരിൽ നിന്ന് നേരിട്ട് പിഴ ഈടാക്കുന്നതിനുള്ള അധികാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. എന്നാൽ, കുളങ്ങൾ, തോടുകൾ എന്നിവയുടെ പുനരുദ്ധാരണം, ജലസേചനവകുപ്പ് ഏറ്റെടുക്കുന്ന അവസരങ്ങളിൽ, അവയിൽ ഏതെങ്കിലും തരത്തിലുള്ള കൈയ്യേറ്റമോ, മാലിന്യ നിക്ഷേപമോ ശ്രദ്ധയിൽപ്പെട്ടാൽ അവയുമായി ബന്ധപ്പെട്ട റവന്യൂ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെ അറിയിക്കാറുണ്ട്. കൂടാതെ, 2018 ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം മാലിന്യനിക്ഷേപം സംബന്ധിച്ച് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകാറുമുണ്ട്. |

സെക്ഷൻ ഓഫീസർ